**No. CEE/2500/MDA/2019/TA4**


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.


# പത്രക്കുറിപ്പ്

## പി.ജി.ആയുർവ്വേദ/ഹോമിയോ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം–2019 താത്കാലിക കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

**2019–20** അധ്യയനവർഷത്തെ പി.ജി.ആയുർവ്വേദ/ഹോമിയോ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ താത്കാലിക കാറ്റഗറി ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയോടൊപ്പം നൽകിയ വിവരങ്ങളുടെയും സമർപ്പിച്ച രേഖകളുടെയും അടിസ്ഥാനത്തിലാണ് താത്കാലിക കാറ്റഗറി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. എസ്.സി./എസ്.ടി വിഭാഗത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ അപേക്ഷ 'കിർതാഡ്സ്'പരിശോധനയ്ക്ക് വിധേയമായിട്ടായിരിക്കും അലോട്ട്മെന്റിന് പരിഗണിക്കുന്നത്.

താത്കാലിക കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ **07.09.2019**–ന് നടക്കുന്ന സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന സമയത്ത് കാറ്റഗറി തെളിയിക്കുന്നതിനുള്ള മതിയായ രേഖകൾ സമർപ്പിക്കാത്ത സാഹചര്യത്തിൽ അവർക്ക് അനുവദിക്കപ്പെട്ട സീറ്റുകളിൽ പ്രവേശനം ലഭിക്കുകയാണെങ്കിൽ താത്കാലിക പ്രവേശനം മാത്രം നൽകുന്നതാണ്. ഇവർ **19.09.2019**, **5** മണിയ്ക്ക് മുമ്പായി കാറ്റഗറി തെളിയിക്കുന്നതിനുള്ള മതിയായ രേഖകൾ മേൽ വെബ്സൈറ്റ് മുഖേന അപ്‌ലോഡ് ചെയ്യേണ്ടതാണ്. നിശ്ചിത തീയതിയ്ക്കകം കാറ്റഗറി യോഗ്യത തെളിയിക്കാത്ത പക്ഷം അവരുടെ കാറ്റഗറി ഒഴിവാക്കുന്നതും താത്കാലികമായി അനുവദിക്കപ്പെട്ട കാറ്റഗറി സീറ്റുകളിൽ നിന്ന് ഒഴിവാക്കുന്നതുമായിരിക്കും. ഇവരെ തുടർന്നുള്ള അലോട്ട്മെന്റുകളിൽ ജനറൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയായിരിക്കും അലോട്ട്മെന്റിന് പരിഗണിക്കുന്നത്.

യോഗ്യരായ വിദ്യാർത്ഥികൾക്ക് മതിയായ യോഗ്യത തെളിയിക്കുന്നതിനുള്ള രേഖകളുമായി **07.09.2019,** ശനിയാഴ്ച തിരുവനന്തപുരത്ത് എൽ.എം.എസ്. കോമ്പൗണ്ടിൽ വച്ച് നടക്കുന്ന സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471-2332123, 2339101, 2339102, 2339103 & 2339104 (10 am- 5pm)**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
06.09.2019